ഉത്തരം

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലത്തിന്റെ ഉയരം 142 അടിയായി ഉയർത്തിയതിന്റെ ഫലമായി 568 ഹെക്ടർ (1402.96 ഏക്കർ) അധിക വനഭൂമി വെള്ളത്തിൽ മുങ്ങിയതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ജലനിരപ്പ് പൂർവ്വസ്ഥിതിയിൽ ആയതിനുശേഷം മാത്രമേ പെരിയാർ വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയ്ക്ക് നേരിട്ട ആഘാതങ്ങളും നാശ നഷ്ടങ്ങളും പൂർണ്ണമായി തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നിരുന്നാലും നിലവിലുള്ള സാഹചര്യത്തിൽ തിട്ടപ്പെടുത്തിയ ആഘാതങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ആദിവാസി ഗോത്ര വിഭാഗത്തിലുള്ള കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വന്നിട്ടില്ല.

(ഡി) തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ O.S. No. 3/2006 കേസ് ഫയൽ ചെയ്തപ്പോൾ വനം വന്യജീവി ആദിവാസി സംരക്ഷണം സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനായി Regional Vice Chairman (South Asia) Commission on Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്തുന്നപക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്യുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല. ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്ക് കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്

308 (310) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി 8-11-2012-ലെ സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 253/12/S&YA പ്രകാരം

---

*. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലെ സ്പെയ്സ്"-ന്റെ നിർമ്മാണത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർ അക്കാര്യം അറിയിച്ചിട്ടുണ്ടോ ;

(സി) മൾട്ടി സ്പോർട്സ് സെന്റർ എലത്തൂർ നിയോജകമണ്ഡലത്തിൽ തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ "എലത്തൂർ മിനി സ്റ്റേഡിയ"ത്തിലേയ്ക്കായി അനുവദിച്ച "മൾട്ടി സ്പോർട്സ് പ്ലേ സ്പേസ്" നിർമ്മാണത്തിന് വേണ്ടി 36 x 24 m സ്ഥലം ആവശ്യമായിട്ടുള്ളതാണ്. ഇത്രയും സ്ഥലം 'ടി' ഗ്രൗണ്ടിൽ നിന്ന് എടുത്താൽ ഇപ്പോൾ നിലവിലുള്ള ഫുട്ബോൾ കളിസ്ഥലത്തിന് സ്ഥലം നഷ്ടമാകും. ഇത് കാരണമാണ് നിർമ്മാണം നിർത്തിവച്ചിരിക്കുന്നത്.

(ബി) ഇക്കാര്യത്തിൽ തടസ്സം ഉള്ളതായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

(സി) മൾട്ടി സ്പോർട്സ് പ്ലേ സ്പെയ്സ് സ്ഥാപിക്കുന്നതിന് ആവശ്യമായ 36 X 24 m സ്ഥലം തെക്ക്-വടക്ക് ദിശയിൽ എലത്തൂർ നിയോജകമണ്ഡലത്തിൽ ലഭിക്കുന്നപക്ഷം മാത്രമേ മൾട്ടി പർപ്പസ് കോർട്ട് നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

ദേശീയ ഗെയിംസിനുവേണ്ടിയുള്ള സ്റ്റേഡിയം നിർമ്മാണം

309 (311) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗയിംസിന്റെ ഉദ്ഘാടന-സമാപന ചടങ്ങുകൾ നിശ്ചയിച്ചിട്ടുള്ള കാര്യവട്ടത്തെ പുതിയ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ് ; നിർമ്മാണ കരാർ ഏൽപ്പിച്ചിരിക്കുന്നത് ആരെയാണ് ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly